പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4551

29.06.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്

# തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>,, വി. ചെന്താമരാക്ഷൻ<br>ശ്രീമതി കെ.കെ. ലതിക<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ജോലിക്ക് അപേക്ഷിച്ചവർക്കെല്ലാം തൊഴിൽ നൽകുന്നുണ്ടോ; ഇത് സംബന്ധിച്ച നിയമവ്യവസ്ഥ എന്താണ്; | എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള ഒരാൾക്ക്, തൊഴിൽ ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം അല്ലെങ്കിൽ മുൻകൂർ അപേക്ഷ പ്രകാരം തൊഴിലാവശ്യപ്പെട്ട തീയതി ഏതാണോ രണ്ടാമതു വരുന്നത് അതനുസരിച്ചുള്ള സമയ ക്രമം പാലിച്ച് തൊഴിൽ നൽകണമെന്നതാണ് തൊഴിലുറപ്പ് നിയമത്തിലെ വ്യവസ്ഥ. |
| ബി) ഗ്രാമ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത എത്ര പേർക്ക് ഇനിയും തൊഴിൽ നൽകാൻ ബാക്കി നിൽപ്പുണ്ട്; തൊഴിൽ നൽകാൻ കഴിയാത്തവർക്കെല്ലാം തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടോ; | ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് 29.06.2012 വരെ എല്ലാ ഗ്രാമപഞ്ചായത്തുകളിലുമായി 2049446 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ തൊഴിൽ ആവശ്യപ്പെട്ട 547836 കുടുംബങ്ങളിൽ 547433 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടിട്ടും തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തൊഴിൽ നൽകാൻ കഴിയാത്ത രണ്ട് പരാതികൾ റിപ്പോർട്ട് ചെയ്യുകയും ആയതിന് തൊഴിലില്ലായ്മ വേതനം നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) പദ്ധതി പ്രകാരമുള്ള വേതനം ഒരാഴ്ചക്കുള്ളിൽ നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | സി) ഉണ്ട് |

ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഇതേ വരെ ഓരോ വർഷവും ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; സംസ്ഥാനസർക്കാരിന് പ്രസ്തുത പദ്ധതിയിൻമേൽ എന്തെങ്കിലും ചെലവുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഡി)

| വർഷം | ആകെ ചെലവ് ( തുക ലക്ഷത്തിൽ) | സംസ്ഥാന വിഹിതം ( തുക ലക്ഷത്തിൽ) |
|---|---|---|
| 2006-07 | 2789.73 | 476.40 |
| 2007-08 | 8336.83 | 756.70 |
| 2008-09 | 22440.92 | 2359.66 |
| 2009-10 | 447068.11 | 4000.00 |
| 2010-11 | 70162.19 | 1724.87 |
| 2011-12 | 100396.23 | 2510.25 |
| 2012-13 (23.06.2012 വരെ) | 8542.86 | ലഭ്യമായിട്ടില്ല |

സെക്ഷൻ ഓഫീസർ